പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 262 — 28.06.2011-ൽ മറുപടിയ്ക്ക്

## വൈദ്യുതി ബന്ധം വിച്ഛേദിക്കുന്ന നടപടി.

| ചോദ്യം<br>ശ്രീ. ടി. യു. കുരുവിള : | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | വിവിധ ഡിപ്പാർട്ടുമെൻറുകൾ യഥാസമയം വൈദ്യുതി ബിൽ അടയ്ക്കാത്തതിൻെറ പേരിൽ വൈദ്യുതി ബന്ധം വിച്ഛേദിക്കുന്നത് മൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (ബി)<br>&<br>(സി) | കേരള വാട്ടർ അതോറിറ്റിയുടെ കുടിശ്ശിക തീർപ്പാക്കുന്നതു സംബന്ധിച്ച് സർക്കാർ ഒരു ക്യാബിനറ്റ് സബ് കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത സബ് കമ്മിറ്റി തീരുമാനമുണ്ടാക്കുന്നതു വരെ വൈദ്യുതി ബന്ധം വിച്ഛേദിക്കരുതെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.<br>എല്ലാ ഉപഭോക്താക്കളുടെയും വൈദ്യുതി ബില്ലുകൾ കെ. എസ്. ഇ. ബിയിൽ നേരിട്ട് ഒടുക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. വിവിധ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ വൈദ്യുതി കുടിശ്ശിക അഭൂതപൂർവ്വമായി വർദ്ധിക്കുന്നത് തടയുന്നതിൻെറ ഭാഗമായി പ്രസ്തുത |
| (സി) | പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിൻെറ ഭാഗമായി വാട്ടർ അതോറിറ്റി, പി. വി. ഐ. പി പോലുള്ള സ്ഥാപനങ്ങളുടെ ബില്ലുകൾ കെ. എസ്. ഇ. ബിയിൽ നേരിട്ട് അടയ്ക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | | |

സ്ഥാപനങ്ങളുടെ 2011-12-ലെ ബഡ്ജറ്റ് അലോക്കേഷനിൽ നിന്നും വൈദ്യുതി ചാർജ്ജ് നേരിട്ട് ഒടുക്കണമെന്നതാണ് ബോർഡിൻെറ ആവശ്യം. കേരള വാട്ടർ അതോറിറ്റി, പി.വി.ഐ.പി എന്നീ സ്ഥാപനങ്ങൾക്കും വൈദ്യുത ചാർജ്ജ് മുൻകൂർ അടയ്ക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ.